# ആയിഷാ മിറ.......!

"എന്താടാ മോനേ ......കേറിയപ്പോ തൊട്ട് സിനിമാ മോഡൽ റോമാന്റിക് സീൻ ഇട്ട് നിൽക്കുകയാണല്ലോ "റബീഹ് തിരിഞ്ഞ് ചോദിച്ചു.

"ഡാ ....നിന്നാടാന്ന് ചോയ്ക്ക്ന്ന് "

പിറകിലെ സീറ്റിൽ തല റബീഹിന്റെ മേൽ ചാരി സ്വപ്നലോകത്ത് വിരാചിക്കുന്ന ജൈസലൊന്ന് ഞെട്ടി.

" ഏ..... എന്താടാ ചോയ്ച്ചേ "

" അല്ല മോനേ ട്രൈൻ ഇറങ്ങിയപ്പോ മുതൽ ഒരു മാതിരി കളിയാണല്ലോ .... അത് ചോയ്ച്ചുന്നേള്ളൂ "റബീഹ് ബൈക്കിനിത്തിരി വേഗത കുറച്ച് പറഞ്ഞു." അതങ്ങനെയൊന്നുല്ലെഡാ ..." ജൈസൽ ഒഴിഞ്ഞ് മാറി.

"ഓ... ഓ... നീ പറ മോനേ.." റബീഹ് വിട്ടില്ല.

" എടാ... ടെസ്റ്റ് ഗ്രൗണ്ടിൽ വെച്ച് ഒരു പെണ്ണിനെ പരിചയപ്പെട്ടിരുന്നു അത്രേയുള്ളു." ജൈസൽ പറഞ്ഞ് വെച്ചു.

"ന്താ മോനേ വല്ല സ്പാർക്കും അടിച്ചാ"

" പോടയ്.. നേരെ നോക്കി വിട് ..."ഇനി വല്ല സ്പാർക്കും അടിച്ചിട്ടുണ്ടോയെന്ന് ജൈസൽ സ്വയം ഒന്നു തപ്പി നോക്കി.

"ഏയ് ....." ആത്മഗതമെന്നോണം ഉച്ചത്തിൽ പറഞ്ഞു.

പുലർച്ചെ 5 ന് വീട്ടില് നിന്നിറങ്ങിയതാണ്. പാതി ഉറക്കച്ചടവുമായി ടെസ്റ്റ് ഗ്രൗണ്ടിൽ RTO യുടെ ഒപ്പിന് വേണ്ടി ക്യൂവിൽ കാത്തിരിക്കുന്നതിനിടയിലാണ് അവളെ പരിചയപ്പെടുന്നത്. അവളും എന്റേത് പോലെയായിരുന്നു. രണ്ടാം വട്ട ശ്രമമാണ്. പിറകിൽ നിന്ന് ചോദിച്ച ഒരു സംശയം തീർത്തത് അവളോട് ചോദിച്ചായിരുന്നു. അങ്ങനെയാണ് സംസാരം തുടങ്ങിയതും. പിന്നെ പരിചയപ്പെട്ടു. നിർത്തത്തിന്റെയും ടെൻഷന്റെയും മടുപ്പുകളെ അവളോട് മിണ്ടി തീർത്തു. RTO ഒപ്പ് ചെയ്ത് ഞങ്ങൾ രണ്ടായി പിരിഞ്ഞു. ഇടയ്ക്ക് വെച്ച് കണ്ടിരുന്നു. അപ്പഴൊക്കെ കണ്ണോട് അവള് ചിരിച്ച് കാണിച്ചു. മാസ്കിനുള്ളിലെ മുഖം കാണേണ്ടി വന്നില്ല...അവളത്രയും നല്ലൊരു മുഖമുള്ളവളാണെന്ന് മനസ്സിലാക്കാൻ ...!!

നീണ്ട കാത്തിരിപ്പായിരുന്നു ഊഴമെത്താൻ. അവസാനം ഡ്രൈവിങ്ങ് ചെയ്യാൻ ഊഴമെത്തി. വിജയശ്രീലാളിതനായി വഴിവക്കിൽ മാസ്റ്റർ ഇറക്കി വിട്ടപ്പോഴും ബാക്ക് സീറ്റിൽ കണ്ണുകൾ തിരഞ്ഞത് അവളെ തന്നെയായിരുന്നില്ലേ ......!

" സ്വപ്ന ലോകത്തെ രാജകുമാരാ അങ്ങ് ഒന്നിറങ്ങിയാലും "റബീഹിന്റെ കളിയാക്കി പറച്ചിൽ അവനെ ഉണർത്തി.

"എണീറ്റ് പോടാ ..... മുടി മുറിക്കണന്നല്ലേ പറഞ്ഞത് ... വൈന്നേരം കളിക്കാൻ എത്തണ്ട്യാന്ന്. " റബീഹ് കനപ്പിച്ചു.

ബാർബറിന്റെ കത്രിക തലമുടി മുറിച്ച് കുതിക്കുമ്പോഴും പിറക് സീറ്റിൽ നിന്ന് അവൾ കൈയാംഗ്യം കാണിച്ചു.എന്തോ പറഞ്ഞ് കാണണം മാസ്കിനുള്ളിൽ നിന്ന് പുറത്ത് വരാതെ തട്ടിത്തെറിച്ചു . പാസ്സ് ആയോ എന്ന് പോലും ചോദിക്കാൻ പറ്റിയില്ല.

" ഛെ...! "

" ഡാ ചെക്കാ ... അടങ്ങി ഇര്ന്നോളി .... കത്തി വെച്ചുള്ള കളിയാണ് "ബാർബറുടെ പരിഗണിക്കപ്പെടേണ്ട മുന്നറിയിപ്പിന് മുന്നിൽ അവനൊരു അനുസരണയുള്ള കുട്ടിയായി തലതാഴ്ത്തി ഇരുന്നു. പിറകിൽ റബീഹിന്റെ അടക്കിപ്പിടിച്ച ചിരി പുറത്ത് കേൾക്കാമായിരുന്നു.

" അല്ലെടാ റബീ ഈ കണ്ണൂർ ജില്ലയിലെ പോസ്റ്റ് ഓഫീസ് നമ്പർ എങ്ങനെയാ കിട്ടാ "

" അയ്ശെരി ..... ഗൂഗ്ളിനോട് ചോയ്ക്കെടാ "

"ആഹാ..... ശരിയാണല്ലോ ... ഒരു ബുദ്ധിമാൻ തന്നെ ചെക്കൻ ....."ജൈസൽ ചിരിച്ച് കൊണ്ട് പുറത്ത് തട്ടി പറഞ്ഞു.

" ഇങ്ങോട്ട് ണ്ടാക്കല്ലേ മോനെ" റബീഹ് വേഗത കൂട്ടി. വേൾഡ് കപ്പ് സീസൺ ആയോണ്ട് കളിക്കാന് ചാൻസ് കുറവായിരിക്കും എല്ലാരും എത്തിയിട്ടുണ്ടാവും

" വന്നേരം തൊടങ്ങീനല്ലോടാ ഫോണിൽ കുത്താൻ " അടുക്കളയിലേക്കുള്ള പാസ്സിങ്ങിനിടെ ഉമ്മ കണ്ണുരുട്ടി.

" ഗൂഗ്ളാണുമ്മാ ..... ഗൂഗ്ള് "

ജൈസൽ കണ്ണൂർ ജില്ലയിലെ എല്ലാ നമ്പറും തിരഞ്ഞെടുത്തു . പോസ്റ്റ് ഓഫീസിലാണ് വർക്ക് എന്ന് അവൾ പറഞ്ഞിരുന്നു. കൃത്യ സ്ഥലം പറഞ്ഞെങ്കിലും ഓർമയിൽ സാമ്യമുള്ള സ്ഥലങ്ങളെ വേർതിരിച്ചെടുത്തു. ഇനീപ്പോ നാളെ വിളിക്കാൻ തുടങ്ങണം.

" ഹലോ .... പോസ്റ്റ് ഓഫീസല്ലേ ..."

രാവിലെ 10 ന് തന്നെ അവൻ പണി തുടങ്ങി. നിരന്തര ഫോണ് വിളി താനൊരു കോൾ സെന്റർ ജോലിക്കാരനാണോയെന്ന് അവനെ തോന്നിപ്പിച്ചു. ശേഖരിച്ച നമ്പർ ഓരോന്നായി തീർന്ന് കൊണ്ടിരുന്നു.

" ഹലോ ഏഴോം പോസ്റ്റ് ഓഫിസ് അല്ലെ ...."

"അതേല്ലോ....എന്താ വേണ്ടത്..?"ഒരു പുരുഷ സ്വരം.

"ആയിഷ എന്ന പേരിൽ ആരേലും അവിടെ വർക്ക് ചെയ്യുന്നുണ്ടോ ...?"

"എന്തിനാ .....!?"സ്വരം കനത്തു.

" ലൈസൻസുമായി ബന്ധപ്പെട്ട പോസ്റ്റുമായി സംസാരിക്കാനായിരുന്നു "

ആ...അങ്ങനൊരാൾ ഇവിടെ ഇല്ല ... "അയാൾ ഫോൺ വെച്ചു.

ആകെ വിയർത്ത് തുടങ്ങി. കിട്ടില്ല എന്ന് ആരോ ചെവിയിൽ പറഞ്ഞു. കിട്ടും....! അഥവാ അവൾ ഫോൺ എടുത്താലോ ....?അവൻ വീണ്ടും ശ്രമിക്കാൻ തുടങ്ങി..ഒന്ന്, രണ്ട്, മൂന്ന് ..... എണ്ണമൊടുങ്ങിത്തുടങ്ങി.അവസാനം .

" ഹലോ പോസ്റ്റ് ഓഫീസ് അല്ലേ...."

"അതേല്ലോ ....."

" അവിടെ ആയിഷാന്ന് പേരുള്ള ആരേലും വർക്ക് ചെയ്യുന്നുണ്ടോ ."

അപ്പുറം നിശബ്ദത .!പശ്ചാത്തലത്തിൽ മുറുമുറുപ്പ് ...ജൈസലിന്റ ഹൃദയമിടിപ്പ് കൂടി....വെറുതെ ഫോണില് നോക്കി.. കട്ടായിട്ടില്ല......!

" ഇല്ലട്ടോ ..അങ്ങനൊരാളില്ല "

നിരാശ മുച്ചൂടും അരിച്ച് കേറി.അവസാന നമ്പറും കഴിഞ്ഞു.ഇനി പ്രതീക്ഷിച്ചിട്ട് കാര്യമില്ല.

ഓർമ്മകളിൽ ഓർത്തെടുക്കാൻ പാകത്തിൽ ഒരു മുഖം കൂടി .

അത്രേള്ളൂ.... എവിടെ നിന്നിനി കാണും....!എവിടെ നിന്നേലും കാണുമോ ..!

അറിയില്ല ....!?പ്രതീക്ഷയോടെ.... ജൈസൽ പാട്ട് പ്ലേ ചെയ്തു .....

"അഴലിന്റെ ആഴങ്ങളിൽ അവള് മാഞ്ഞ് പോയ്....."

നിഖില്  മാത്യു തന്റെ ഹിറ്റ് സോങ് പാടിക്കൊണ്ടിരുന്നു.

**ഷമീൽ.എം.എ**